**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1827** **04-02-2026-ൽ മറുപടിയ്ക്ക്**

**<u>സാമൂഹ്യ നീതി വകുപ്പ് മുഖേന നടപ്പിലാക്കുന്ന ക്ഷേമപ്രവർത്തനങ്ങൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ബാബു (നെന്മാറ)

ശ്രീ. ബാബു (നെന്മാറ)

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

**(എ)** സാമൂഹ്യ നീതി വകുപ്പ് മുഖേന നടപ്പിലാക്കുന്ന ക്ഷേമപ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കുന്ന ക്ഷേമപ്രവർത്തനങ്ങൾ അനുബന്ധം-I ആയി ചേർത്തിരിക്കുന്നു.

**(ബി)** അർഹതപ്പെട്ട ഗുണഭോക്താക്കൾക്ക് സമയബന്ധിതമായി ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

**<u>മറുപടി:</u>** അർഹതപ്പെട്ട ഗുണഭോക്താക്കൾക്ക് സമയബന്ധിതമായി ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് സാമൂഹ്യനീതി വകുപ്പ് സ്വീകരിക്കുന്ന നടപടികൾ അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

**സെക്ഷൻ ഓഫീസർ**

# അനുബന്ധം II

## സാമൂഹ്യനീതി ഡയറക്ടറേറ്റ്

ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് വേണ്ടി വകുപ്പ് നടത്തുന്ന പദ്ധതി പ്രവർത്തനങ്ങൾ സംബന്ധിച്ച് വ്യാപകമായ പ്രചരണം പത്ര ദൃശ്യ മാധ്യമങ്ങൾ വഴിയും വിവിധ ക്യാമ്പുകൾ സംഘടിപ്പിച്ചും വ്യാപക പ്രചരണം നടത്തി ടി പദ്ധതി വിവരങ്ങൾ സംബന്ധിച്ച അറിയിപ്പ് പരമാവധി ഗുണഭോക്താക്കളിലെത്തിക്കുന്നതിനുള്ള IEC ആക്റ്റിവിറ്റിസ് വകുപ്പ് നടത്തുന്നു. ലഭ്യമാകുന്ന അപേക്ഷകൾ സമയബന്ധിതമായി പരിശോധിച്ച് യഥാസമയം പദ്ധതി സഹായം ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നു. വ്യക്തിഗത ഗുണഭോക്തൃ പദ്ധതികൾക്കുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിന് സുനീതി പോർട്ടൽ വകുപ്പ് രൂപകല്പന ചെയ്തിട്ടുണ്ട്. ടി പോർട്ടൽ വഴി ലഭ്യമാകുന്ന അപേക്ഷകളിൽ യഥാസമയം നടപടി സ്വീകരിച്ച് കാലവിളംബം ഇല്ലാതെ സേവനങ്ങൾ ഗുണഭോക്താക്കളിൽ എത്തിക്കുന്നുണ്ട്.

വയോജനങ്ങൾക്കായി വകുപ്പ് നടത്തുന്ന പദ്ധതി പ്രവർത്തനങ്ങൾ സംബന്ധിച്ച് ഹാൻഡ് ബുക്ക് തയ്യാറാക്കിയിട്ടുണ്ട്. ആയത് പൊതു ജനങ്ങൾ പങ്കെടുക്കുന്ന പരിപാടികളിലും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുത്ത പ്രതിനിധികൾക്കും ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ പദ്ധതി സംബന്ധിച്ച വ്യാപകമായ പ്രചരണം പത്ര ദൃശ്യ മാധ്യമങ്ങൾ വഴിയും നടത്തി വരുന്നു. എല്ലാ ബ്ളോക്കുകളിലും പദ്ധതികൾ സംബന്ധിച്ച ബോധവൽക്കരണം നടത്തിയിട്ടുണ്ട്. വ്യാപക പ്രചരണം നടത്തി ടി പദ്ധതി വിവരങ്ങൾ സംബന്ധിച്ച അറിയിപ്പ് പരമാവധി ഗുണഭോക്താക്കളിലെത്തിക്കുന്നതിനുള്ള IEC പ്രവർത്തനങ്ങൾ വകുപ്പ് നടത്തുന്നു. വ്യക്തിഗത ഗുണഭോക്തൃ പദ്ധതികൾക്കുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിന് സുനീതി പോർട്ടൽ വകുപ്പ് രൂപകല്പന ചെയ്തിട്ടുണ്ട്. ടി പോർട്ടൽ വഴി ലഭ്യമാകുന്ന അപേക്ഷകളിൽ യഥാസമയം നടപടി സ്വീകരിച്ച് വരുന്നു.

### സാമൂഹ്യസുരക്ഷാ മിഷൻ

അർഹതപ്പെട്ട ഗുണഭോക്താക്കൾക്ക് സമയബന്ധിതമായി ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് പത്ര മാധ്യമങ്ങൾ മുഖേന പരസ്യം നല്കി ഗുണഭോക്താക്കളുടെ ലൈഫ്

സർട്ടിഫിക്കറ്റുകൾ യഥാസമയം ലഭ്യമാക്കുകയും ക്ഷേമപെൻഷനുകൾ സമയബന്ധിതമായി വിതരണം ചെയ്തു വരുന്നുണ്ട്. ചികിത്സാ ധനസഹായവും തടസ്സം കൂടാതെ നല്കി വരുന്നുണ്ട്. ഔദ്യോഗിക വിവരങ്ങളും അറിയിപ്പുകളും നല്കുന്നതിനും അപേക്ഷകൾ ഓൺലൈൻ ലഭ്യമാക്കുന്നതിനായും മിഷൻ വെബ് സൈറ്റ് പരിഷ്കരിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

**<u>സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റിസ്</u>**

സംസ്ഥാനത്തൊട്ടാകെ ഭിന്നശേഷി പരിപാലനവുമായി ബന്ധപ്പെട്ട പദ്ധതികളാണ് സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസിലൂടെ (SID) **അനുയാത്ര** എന്ന പേരിൽ നടപ്പാക്കി വരുന്നു. അനുയാത്രയുടെ ഭാഗമായി നടപ്പാക്കുന്ന വിവിധ പദ്ധതികളിലൂടെ വൈകല്യം എത്രയും നേരത്തെ കണ്ടെത്തുന്നതിനും, ഇടപെടുന്നതിനും, സൗജന്യമായി ചികിത്സ, വിവിധ തെറാപ്പികൾ, പരിശീലനം തുടങ്ങിയവ നൽകുന്നതിനുമുള്ള സംവിധാനങ്ങളാണ് നടപ്പാക്കി വരുന്നത്. സാമ്പത്തികമായ ആനുകൂല്യങ്ങൾ നൽകുന്ന പദ്ധതികളൊന്നും തന്നെ സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് നടപ്പിലാക്കുന്നില്ല.

**<u>ഓർഫണേജ് കൺട്രോൾ ബോർഡ്</u>**

ആനുകൂല്യങ്ങൾ സമയബന്ധിതമായി ലഭിക്കുന്നതിന് ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

<u>നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബിലിറ്റേഷൻ **(NIPMR)**</u>

NIPMR –ൽ എത്തുന്ന ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് ചികിത്സാ പുനരധിവാസ സേവനങ്ങൾ സമയബന്ധിതമായി നല്കുന്നതിന് ആവശ്യമായ തെറാപ്പിസ്റ്റുകൾ, മെഡിക്കൽ ഡോക്ടർമാർ എന്നിവരുടെ സേവനം ഉറപ്പാക്കിയിട്ടുണ്ട്.

**<u>ഭിന്നശേഷി കോർപ്പറേഷൻ</u>**

കോർപ്പറേഷൻ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ ആനുകൂല്യങ്ങൾക്കായി ലഭ്യമാകുന്ന അപേക്ഷകൾ മാനദണ്ഡങ്ങൾ പരിശോധിച്ച് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച്, സീനിയോരിറ്റിയുടെ അടിസ്ഥാനത്തിൽ സമയബന്ധിതമായി നല്കിവരുന്നു.